**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1683** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കലാശാലകളിലെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലിയും ചെയ്യാൻ കഴിയുന്ന രീതിയിലുള്ള പാഠ്യപദ്ധതി അടുത്ത അക്കാദമിക് വർഷം മുതൽ നടപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) | വിദ്യാർത്ഥികൾക്ക് തൊഴിലിനൊപ്പം പഠനം നിർവ്വഹിക്കാൻ കഴിയുംവിധം “Earn While You Learn (EWYL)" സ്കീം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഉന്നതവിദ്യാഭ്യാസ രംഗത്ത് കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്നതിന് "കേരളാ ഹയർ എഡ്യൂക്കേഷൻ കരിക്കുലം കമ്മിറ്റി” രൂപീകരിച്ചിട്ടുണ്ട്. കരിക്കുലം ഫ്രെയിംവർക്ക് തയ്യാറാക്കുന്ന അവസരത്തിൽ ഇന്റേൺഷിപ്പ്, അപ്രന്റീസ്ഷിപ്പ് മുതലായവ പഠനപ്രവർത്തനത്തിന്റെ ഭാഗമാകുന്നതാണ്. കൂടാതെ, നൈപുണി വികസനം, തൊഴിൽ ഇവയ്ക്ക് പ്രാധാന്യം നൽകുന്ന കോഴ്സുകൾ സിലബസിൽ ഉൾപ്പെടുത്തും.<br><br>കുസാറ്റിൽ ബി.ടെക് VIII സെമസ്റ്റർ വിദ്യാർത്ഥികൾക്കായി ഒരു "Internship track option" കരിക്കുലത്തിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം വിദ്യാർത്ഥികൾക്ക് Internship ആയി ജോലി ആരംഭിക്കാവുന്നതാണ്.<br><br>കേരള സർവ്വകലാശാലയുടെ സ്റ്റാർട്ടപ്പ് വികസന കേന്ദ്രമായ KUBIIC മുഖേന സംരംഭങ്ങൾ തുടങ്ങാൻ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കിയിട്ടുണ്ട്. ചില സ്റ്റാർട്ടപ്പുകൾ company കളായി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>വിദ്യാർത്ഥികൾ തൊഴിൽ സംരംഭകർ കൂടി ആവുക എന്ന ലക്ഷ്യത്തോടെ കണ്ണൂർ സർവ്വകലാശാലയിൽ Business Incubation Centre (BIC) എന്ന പദ്ധതി പ്രവർത്തിച്ചുവരുന്നു.<br><br>APJ Abdul Kalam technological University യിൽ കരിക്കുലം, സിലബസ് എന്നിവ |

| | | | |
|---|---|---|---|
| | | | ഇൻഡസ്ട്രിയിൽ നിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ തുടങ്ങിയ നൂതന ആശയങ്ങൾ പുതിയ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരിക്കുലത്തിന്റെ ഭാഗമായിത്തന്നെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് സൗകര്യങ്ങളും സർവ്വകലാശാല ഒരുക്കിയിട്ടുണ്ട്. TCS, GOOGLE, INFOSYS, IBM, NISSAN- DIGITAL മുതലായ വൻകിട ബഹുരാഷ്ട്ര കമ്പനികൾ സർവ്വകലാശാലയുമായി സഹകരിച്ചു വരുന്നു.<br><br>നുവാൽസിൽ നവീനമായ Skill based learning, Gamification പോലുള്ള പാഠ്യപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നിലവിലെ സെമസ്റ്റർ രീതിയിലുള്ള പഠനരീതി മാറ്റി പഴയ രീതിയിലുള്ള പഠനം സാധ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇന്റേണൽ മാർക്കുമായി ബന്ധപ്പെട്ട് കുട്ടികൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | ഇല്ല.<br><br>സെമസ്റ്റർ സമ്പ്രദായം രാജ്യാന്തരതലത്തിലും ദേശീയതലത്തിലും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇന്റേണൽ മാർക്കുമായി ബന്ധപ്പെട്ട് കുട്ടികളുടെ പരാതി പരിഹാരത്തിന് മൂന്ന് തല പരാതി പരിഹാര സംവിധാനം നിലവിലുണ്ട്.<br><br>എ) ഡിപ്പാർട്ട്മെന്റ് തലം<br><br>ബി) കോളേജ് തലം<br><br>സി) യൂണിവേഴ്സിറ്റി തലം |
| (സി) | ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗവേഷണ പ്രബന്ധങ്ങൾ വ്യക്തികൾക്ക് മാത്രം പ്രയോജനം ചെയ്യുന്ന രീതിയിൽ നിന്ന് വ്യത്യസ്തമായി അവയിലെ കണ്ടെത്തലുകൾ പൊതുജനങ്ങൾക്ക് കൂടി പ്രയോജനം ചെയ്യുന്ന രീതിയിൽ പുനഃക്രമീകരിക്കുവാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ കണ്ടെത്തലുകൾ നാടിന്റെ ഉൽപാദന മേഖലയ്ക്ക് ഗുണകരമാകുന്ന തരത്തിൽ ഉപയോഗിക്കപ്പെടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അക്കാദമിക് വൃത്തത്തിൽ ചുരുങ്ങി നിൽക്കാതെ പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയെ മാറ്റുന്നതിനായി ട്രാൻസ്ലേഷണൽ ലാബുകളും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന ഇൻകുബേഷൻ കേന്ദ്രങ്ങളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ, കുസാറ്റ്, എ.പി.ജെ അബ്ദുൽകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലകൾക്ക് ട്രാൻസ്ലേഷണൽ റിസേർച്ച് സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ